# Malayala Manorama
# 28 August 2018
# Alappuzha, Kuttanad, After Flood, Cleaning

# കുട്ടനാട്ടിൽ ഇന്ന് മഹാശുചീകരണം

**13 പഞ്ചായത്തുകളിലും വാർഡ് തോറും സംഘങ്ങളായെത്തി ശുചീകരണം**

ആലപ്പുഴ • കുട്ടനാട്ടിൽനിന്നു പലായനം ചെയ്ത 1.5 ലക്ഷത്തോളം ആളുകളെ വീടുകളിൽ തിരിച്ചെത്തിക്കാനുള്ള ദൗത്യത്തിന് ഇന്നു തുടക്കം. മൂന്നു ദിവസം കൊണ്ടു വീടുകളും പരിസരവും വൃത്തിയാക്കിയും അറ്റകുറ്റപ്പണികൾ നടത്തിയും മുഴുവൻ ആളുകളെയും പുനരധിവസിപ്പിക്കാനുള്ള സർക്കാർ യജ്ഞമാണിത്.

ജില്ലയ്ക്ക് അകത്തും പുറത്തും നിന്നുള്ള സന്നദ്ധ പ്രവർത്തകരും സർക്കാർ ഉദ്യോഗസ്ഥരും മറ്റും ഇതിൽ പങ്കാളികളാകും. ആയിരക്കണക്കിനു സന്നദ്ധ പ്രവർത്തകർ ഇതിനായി എത്തുമെന്നാണു പ്രതീക്ഷ. വിവിധ തൊഴിലുകളിൽ നൈപുണ്യമുള്ളവരുടെ സേവനം ഉപയോഗിക്കും. പാമ്പുപിടിത്തക്കാരുടെ സേവനവും ഉണ്ടാവും.

കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിലും വാർഡ് തോറും സംഘങ്ങളായെത്തിയാണു ശുചീകരണവും മറ്റും നടത്തുന്നത്. വെബ് പോർട്ടൽ രൂപീകരിച്ചാണു സന്നദ്ധപ്രവർത്തകർക്കുള്ള റജിസ്ട്രേഷൻ നടത്തിയത്. റജിസ്ട്രേഷൻ ഇന്നലെ അവസാനിച്ചു.

സന്നദ്ധ സേവകരെ വിവിധ സ്ഥലങ്ങളിലെത്തിക്കാൻ ബാർജുകളും കേവുവള്ളങ്ങളും ബോട്ടുകളും മൂന്നു ദിവസത്തേക്കു സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. അഞ്ഞൂറോളം വള്ളങ്ങളും ആയിരത്തോളം വഞ്ചിവീടുകളും ഉപയോഗിക്കും. എസി റോഡിന്റെ വശങ്ങളിലെ പാടങ്ങളിൽ നിന്നു വൻതോതിൽ വെള്ളം പമ്പ് ചെയ്തു മാറ്റാനും പദ്ധതിയുണ്ട്. ഇതിനായി വലിയ ശേഷിയുള്ള പമ്പുകൾ എത്തിച്ചിട്ടുണ്ട്. വള്ളങ്ങളിലും ബോട്ടുകളിലും സന്നദ്ധസേവകരെ എല്ലാ പ്രദേശത്തും എത്തിക്കാനാണു പരിപാടി. വീടുകളിൽ ശുദ്ധജലം എത്തിക്കാനും സംവിധാനമുണ്ടാക്കിയതായി അധികൃതർ പറഞ്ഞു.

ജലനിരപ്പു താഴ്ന്ന പ്രദേശങ്ങളിൽ ശുചീകരണം സാധ്യമാണെങ്കിലും മടവീണതിനാൽ വെള്ളമിറങ്ങാത്ത സ്ഥലങ്ങളിൽ ശുചീകരണം നടക്കില്ല.